*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച്, 2004**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 29D

*2004 ഫെബ്രുവരി 27-നും 2004 മാർച്ച് 6-നും സായി കുൽവന്ത് ഹാളിൽ സ്വാമിയുടെ മുമ്പാകെ വിദ്യാർത്ഥികൾ അഭിനയിച്ച പ്രാഗ്രാമിനെക്കുറിച്ചുള്ള വിവരണം തുടരുന്നു:*

## ആദിശങ്കരനും മുതലയും

എന്നിട്ട് അവർ ആദിശങ്കരന്റെ ജീവിതത്തിൽനിന്നുള്ള ഒരു സംഭവം വർണിക്കുകയുണ്ടായി. ആദിശങ്കരൻ ഒരു അവിവാഹിതൻ, ആജന്മബ്രഹ്മചാരി ആവാനാണ് തീരുമാനിച്ചിരുന്നത്. അവൻ ഒരേയൊരു കുട്ടിയായിരുന്നതിനാൽ, അവന്റെ അമ്മ അവൻ കല്യാണം കഴിക്കണമെന്നും കുടുംബജീവിതം നയിക്കണമെന്നും ആഗ്രഹിച്ചു. ആദിശങ്കരന് തന്റെ മാതാവിന്റെ ആഗ്രഹത്തിൽനിന്ന് രക്ഷപ്പെടണമെന്ന് തോന്നി.

ഒരു ദിവസം അവൻ നദിയിലേക്ക് പോയി. അവൻ കുളിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു മുതല അവന്റെ കാലിൽ പിടികൂടി അവന്റെ ശരീരത്തെ വെള്ളത്തിലേക്ക് വലിച്ചിഴയ്ക്കുകയുണ്ടായി. ആദിശങ്കരൻ ഉറക്കെ നിലവിള ിച്ചു, “അമ്മാ, ഞാൻ മരിക്കാൻ പോവുകയാണ്; ഈ മുതല എന്നെ നദിയിലേക്ക് വലിച്ചിഴയ്ക്കുകയാണ്.”

അമ്മ കരയാൻ തുടങ്ങി, “അയ്യോ മകനേ, നിനക്ക് ഇത്തരത്തിലുള്ള ഒരു മരണം ഒരിക്കലും ഞാൻ ചിന്തിച്ചില്ലല്ലോ, അതും ഇത്ര പെട്ടെന്ന്. ഈ നദിയിൽ മുതലയുണ്ടെന്ന് ഞാനൊരിക്കലും ചിന്തിച്ചിട്ടുപോലുമില്ല. ഞാനെങ്ങനെ നിന്നെ രക്ഷപ്പെടുത്താനാണ്, എന്റെ ഓമനക്കുഞ്ഞേ?”

ആദിശങ്കരൻ പറഞ്ഞു, “അമ്മാ, മാതാവേ, അവിടുന്നിന് എന്നെ സഹായിക്കാനാവും. ഞാൻ വിവാഹം കഴിക്കണമെന്ന് അവിടുന്ന് നിർബന്ധിക്കാതിരുന്നാൽ ഈ മുതല എന്നെ വെറുതെ വിട്ടേക്കാം എന്ന് അത് എന്നോട് പറയുന്നു; അതെന്നെ സ്വതന്ത്രനാക്കും.”

ആ അമ്മ, ദു:ഖത്തോടെ പറഞ്ഞു, "നീ ജീവിച്ചിരുന്നാൽ മതി എനിക്ക്. ശരി, നിന്റെ ആഗ്രഹം ഞാൻ അനുവദിക്കുന്നു."

മുതല അവനെ വിട്ടു, ആദിശങ്കരൻ വെള്ളത്തിൽനിന്നും കരയ്ക്കു കയറി.

വ്യാഖ്യാനം എന്തെന്നാൽ, നദി ജീവിതമാകുന്നു, മുതല ഇന്ദ്രിയസുഖവും. ഇന്ദ്രിയ സുഖമാകുന്ന മുതല, ആദിശങ്കരന്റെ, ആത്മാന്വേഷിയുടെ, സാധകന്റെ കാലിൽ പിടിച്ച് അവനെ മുക്കിക്കൊല്ലുന്നു. അന്തിമമായി, ജീവിതനദി അവനെ ആഴത്തിൽ മുക്കുന്നു, രക്ഷപ്പെടലോ തിരിച്ചുവരവോ ഇല്ലാതെ. അതുകൊണ്ടാണ് അവൻ പറയുന്നത്. "മാതാവേ, എന്നെ ഒരു ബ്രഹ്മചാരിയാകുന്നതിന് അനുവദിക്കൂ." ഇതിനർത്ഥം, " ഞാൻ ലൗകിക ബന്ധനങ്ങളിൽനിന്നും, പ്രാപഞ്ചിക കെട്ടുപാടുകളിൽനിന്നും, ഐഹിക തടവുകളിൽനി



ന്നും മോചിതനാവട്ടെ" എന്നാണ്.

അവന്റെ അമ്മ ഈ ആഗ്രഹം നിറവേറ്റിയപ്പോൾ, മുതല അവനെ പോകാനനുവദിച്ചു. ഇതിന്റെ അർത്ഥം, നാം ആദ്ധ്യാത്മിക ജീവിതമാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ, ഇന്ദ്രിയ സുഖമാകുന്ന മുതല, നമ്മെ ജീവിതനദിയിലേക്ക് വലിച്ചുകൊണ്ട് പോവില്ല.

പ്രൈമറി സ്കൂൾ കുട്ടികൾ മികച്ച രീതിയിൽ അവതരിപ്പിച്ച ഉപാഖ്യാനമായിരുന്നു അത്.

## സ്വാമിയും മുത്തച്ഛനും

മൂന്നാമത്തെ ഉപാഖ്യാനം ബാബയെക്കുറിച്ചുതന്നെ ആയിരുന്നു. ഒരു കുട്ടി പടിയിൽ കിടന്നുറങ്ങുന്നു.

സ്വാമി പറഞ്ഞു, "അനിൽകുമാർ, അവനെന്തു ചെയ്യുകയാണ്?"

"സ്വാമീ, അവൻ തറയിൽ കിടന്ന് ഉറങ്ങുകയാണെന്ന് കാണുന്നു."

"ഹേ! അവനെ ഉണർത്തുക!"



Sri Kondama Raju with Bhagawan Baba

"സ്വാമീ, ഇതൊരു നാടകമാണ്; നമുക്ക് നോക്കാം!"

ഈ കൊച്ചു പയ്യൻ ഉറങ്ങുകയായിരുന്നു. അവനിങ്ങനെ കിടക്കുമ്പോൾ, മറ്റൊരു കുട്ടി വന്നിട്ട്, ഈ കൊച്ചുബാലന്റെ പാദത്തിൽ സ്പർശിച്ച് നമസ്കരിച്ചു.

കൊച്ചുബാലൻ സത്യസായി ബാബയുടെ റോളാണ് കളിച്ചത്. അവന്റെ പാദസ്പർശം ചെയ്യുകയും നമസ്കരിക്കുകയും ചെയ്ത മറ്റേ കുട്ടി, അവിടുത്തെ മുത്തച്ഛനായ കൊണ്ടമ്മ രാജുവിന്റെ റോളും.

മുത്തച്ഛനായ കൊണ്ടമ്മ രാജുവിന് അറിയാമായിരുന്നു സത്യസായി ബാബ ഈശ്വരനാണെന്ന്.

"എന്റെ പാദസ്പർശം ചെയ്യേണ്ട" എന്ന് ബാബ പറഞ്ഞിരുന്നു എങ്കിലും, കൊണ്ടമ്മ രാജു പതിവായി വെളുപ്പിന് അവിടുത്തെ പാദസ്പർശം ചെയ്യുമായിരുന്നു. അദ്ദേഹമിത് സമൂഹത്തിന്റെ അറിവില്ലാതെ, വീട്ടിലെ

അന്തേവാസികളുടെ അറിവില്ലാതെയാണ് ചെയ്തുകൊണ്ടിരുന്നത്. തന്നെ ആരും തന്നെ കാണുകയില്ല, ബാബയ്ക്കത് നിരസിക്കാനുമാവില്ല.

കൊണ്ടമ്മ രാജു, ബാബയുടെ മുത്തച്ഛൻ, സ്വത്ത് തന്റെ കുട്ടികൾക്കായി വീതിച്ചു നൽകിയപ്പോൾ, അദ്ദേഹം പറയുകയുണ്ടായി, "നിങ്ങൾ എന്റെ എല്ലാ സ്വത്തും എടുത്തുകൊള്ളുക, എന്നാൽ എനിക്ക് കിട്ടേണ്ട ഓഹരിയായി സത്യസായി ബാബ എനിക്കുണ്ടാവും. അവൻ എനിക്കൊപ്പമാവും." ഈ എപ്പിസോഡ് സ്വാമിയുടെ മുമ്പാകെയാണ് അവതരിപ്പിക്കപ്പെട്ടത്.

അവർ നല്ല പാട്ടുകളും പാടി. സ്വാമി അത്യധികം ആവേശഭരിതനായി. അവർക്ക് വേദജപത്തിനും കഴിഞ്ഞു.

അങ്ങനെ, സ്കൂൾ കുട്ടികളുടെ അവതരണത്തിന് മൂന്ന് എപ്പിസോഡുകളുണ്ടായിരുന്നു: ഒന്ന് നചികേതസ്സിന്റേത്, ഒന്ന് ആദിശങ്കരന്റേത്, ഒന്ന് ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ജീവിതം തന്നെയും. പാട്ടുകൾ ഏറെ നന്നായിരുന്നു, നൃത്തം വളരെ മനോഹരമായിരുന്നു, നടനവും മികച്ചതായിരുന്നു. ഇതോടെ, പ്രോഗ്രാമും പരിസമാപിച്ചു.

## ഏറ്റവും പുതിയ ന്യൂസ്

ഞാൻ നിങ്ങളെ വിടുന്നതിനുമുമ്പ്, ഇന്നലെ കാലത്ത് സംഭവിച്ചത് നിങ്ങളോട് പറയട്ടെ, ഞാനിത് ഇന്നു കാലത്ത് സ്വാമിയോട് ചോദിച്ച് ഉറപ്പാക്കിയതാണ്. അപ്പോൾ നിങ്ങൾക്ക് മനസ്സിലാവും നിങ്ങൾ എത്ര ആധുനികരാണെന്ന്. (*ചിരി*)

പാശ്ചാത്യർ എല്ലായ്പോഴും ഏറ്റവും പുതിയ കാര്യം അറിയാനാഗ്രഹിക്കുന്നവരാണ്; അവർക്ക് പഴകിയ വിവരം വേണ്ടാ. അവർക്ക് ഏറ്റവും പുതിയ കാര്യമാണ് വേണ്ടത്. അതുകൊണ്ടാണ് നിങ്ങൾ ശരിക്കും അർഹിക്കുന്നത് നിങ്ങൾക്ക് ലഭിക്കുന്നത്.

## ഒരു വിദ്യാർത്ഥിയോടുള്ള സ്വാമിയുടെ കരുണ

ഇന്നലെ ഭജനയ്ക്കു മുമ്പായി, ഭഗവാൻ സായി കുൽവന്ത് ഹാൾ വിട്ട് മറ്റൊരു സ്ഥലത്തേക്ക് പോകുമ്പോൾ അവിടുത്തെ കാർ ഏതാനും കൊച്ചു കുട്ടികളുടെ സമീപം നിർത്തിയത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും. അന്വേഷിച്ചതിൽ, ഞങ്ങളറിഞ്ഞത് സ്വാമി കുറച്ച് കുട്ടികൾ താമസിക്കുന്ന ഒരു അഗതിമന്ദിരം സന്ദർശിച്ചുവെന്നാണ്. അവരിൽ, ഇത്തവണ കൊത്തച്ചെരുവിൽവച്ച് പത്താം ക്ലാസ് പരീക്ഷയെഴുതുന്ന ആറു കുട്ടികളുമുണ്ട്. സ്വാമി അവരെ അനുഗ്രഹിക്കുന്നതിനായി നേരെ അവിടേക്ക് പോയതാണ്.

കുൽവന്ത് ഹാളിൽനിന്ന് പുറത്തു പോകുന്ന വഴി അവിടുന്ന് കാർ നിർത്തിയപ്പോൾ, അവിടുന്ന് ആ കുട്ടികളെ അടുത്തേക്കു വിളിപ്പിച്ചിട്ട്, അവരെ അനുഗ്രഹിച്ചശേഷം പറഞ്ഞു, ‘‘പോകൂ! പോകൂ! ഞാൻ നിങ്ങളുടെ സ്ഥലത്തേക്ക് വരികയാണ്.’’

ഒരു കുട്ടി പറഞ്ഞു, ‘‘സ്വാമീ, എനിക്ക് പരീക്ഷയെ വളരെ പേടിയാണ്. എനിക്ക് ഇപ്പോൾത്തന്നെ ടെൻഷനാണ്.’’

സ്വാമി പറഞ്ഞു, ‘‘പേടിക്കേണ്ടാ, നീ അങ്ങോട്ട് പൊയ്ക്കോളൂ, ഞാൻ വരുന്നു.’’

അവിടെ ചെന്നിട്ട് ബാബ ഓരോരുത്തരെയും അനുഗ്രഹിക്കുകയുണ്ടായി; അവിടുന്ന് വിഭൂതി നൽകിയിട്ട് അരുളി, ‘‘ഒരു കുട്ടി പറയുകയുണ്ടായി അവന് പരീക്ഷയെ വളരെ പേടിയാണെന്ന്. ആ കുട്ടി എവിടെ?’’

ആ കുട്ടി വന്നു. സ്വാമി അവന്റെ കണ്ണുകളിലേക്ക് ആഴത്തിൽ നോക്കിയിട്ട് പറഞ്ഞു, ‘‘കുട്ടീ, ഞാൻ നിനക്കായാണ് വന്നത്. ഞാനിവിടെയുള്ളപ്പോൾ ഭയമെന്തിന്? പരിഭ്രമിക്കേണ്ടാ. നിനക്ക് പരീക്ഷ എളുപ്പമായിരിക്കും.’’

എന്നിട്ട്, ദയാമയനായ പ്രഭു അവനെ അനുഗ്രഹിക്കുകയും അവനെ സ്പർശിക്കുകയും ചെയ്തു. പിന്നെ സ്വാമി മടങ്ങിപ്പോന്നു.

ഞാനിത് ഇന്നു കാലത്താണ് അറിഞ്ഞത്. സ്വാമി എന്നെ വിളിച്ചിട്ട് ചോദിച്ചു, ‘‘അനിൽകുമാർ, നീ ഇന്നലെ വൈകുന്നേരത്ത് ഇവിടെ ഇല്ലായിരുന്നു, ശരി!’’

‘‘വാസ്തവത്തിൽ, സ്വാമീ, ഞാൻ ഇവിടെത്തന്നെ ഉണ്ടായിരുന്നു.’’

‘‘ഇല്ല! ഇല്ല! ഇല്ല! നീയൊരു വെടി പറയുന്ന മാസ്റ്ററാണ്.’’ (*ചിരി*)

‘‘സ്വാമീ, ഞാൻ ഇവിടെയുണ്ടായിരുന്നു. ഏതാനും കുട്ടികൾ സ്വാമിക്കുവേണ്ടി വയലിൻ വായിച്ചു, അവിടുന്നത് കേട്ടു. എന്നിട്ട് അവിടുന്നു പറഞ്ഞു, ‘വീണ്ടും വേദജപം’.’’

‘‘ആഹാ! ശരി!’’ അവിടുന്ന് പറഞ്ഞു.

അവിടുന്നുമായി തർക്കിക്കാനോ, ‘സ്വാമീ, ഞാൻ വന്നില്ലെന്ന് അവിടുന്നെന്തിനാണ് പറയുന്നത്? ഞാൻ വന്നിരുന്നു’ എന്ന് പറയാനോ ഞാൻ ആഗ്രഹിച്ചില്ല. ഞാനത് ചെയ്യുന്നതിന് ആഗ്രഹിച്ചില്ല.

‘സ്വാമീ, ഞാൻ വന്നിരുന്നു. ഞാൻ വന്നില്ലെന്ന് അവിടുന്നെന്തിനാണ് പറയുന്നത്?’ എന്നു പറയുന്നതിനു പകരം, ഞാനത് ഇങ്ങനെ പറയാനാണ് ഇഷ്ടപ്പെട്ടത്. ‘‘ഇന്നലെ, ഒരു വയലിൻ പ്രോഗ്രാം ഉണ്ടായിരുന്നു. അവിടുന്ന് മൂന്നു പാട്ടുകൾ കേട്ടു, നാലാമത്തേത് ഇട

യ്ക്കുവച്ച് നിർത്തുകയുണ്ടായി.'' പരോക്ഷമായി, ഞാൻ അവിടെത്തന്നെ ഉണ്ടായിരുന്നു എന്ന് ഇത് പറയുമല്ലോ. (*ചിരി*)

''സ്വാമീ, അവിടുന്നിന് തെറ്റി!'' എനിക്കങ്ങനെ പറയാനാവില്ല. ഞാനത് അപ്രകാരം പറയാൻ ഇഷ്ടപ്പെട്ടില്ല, അതുകൊണ്ട് തന്ത്രപൂർവം പരോക്ഷമായ രീതിയിൽ ഞാനവിടെയുണ്ടായിരുന്നു എന്ന് ഞാൻ പറയുകയുണ്ടായി.

''ആഹാ! ശരി! മ്യൂസിക് പ്രോഗ്രാം. ഒരു ചങ്ങാതി ശരിക്ക് വായിക്കുന്നുണ്ടായിരുന്നില്ല, അതുകൊണ്ട് ഞാനത് നിർത്തിച്ചു, അതിനാലാണ് ഞാൻ ആ പോയിന്റിൽ ഞാനത് നിർത്തിവയ്പിച്ചത്.''

അപ്പോൾ, പ്രഭുവിന്റെ മൂഡ് നല്ലതാണെന്ന് ഞാൻ ചിന്തിച്ചു. (*ചിരി*)

അതുകൊണ്ട് ഞാൻ പറഞ്ഞു, ''ഇന്നലെ സ്വാമി അഗതിമന്ദിരത്തിലേക്ക് പോയി ആ കുട്ടികളിലൊരാൾക്ക് പ്രത്യേക അനുഗ്രഹം നൽകിയെന്ന് തോന്നുന്നു.''

സ്വാമി പറഞ്ഞു, ''അതെ! അവർ ആറുപേരുള്ളതിൽ, ഒരു കുട്ടി വിറയ്ക്കുകയായിരുന്നു, നിറയെ ടെൻഷനുമായി, അതുകൊണ്ട് ഞാൻ നേരിട്ട് അവന്റെയടുത്ത് ചെന്ന് അവനെ അനുഗ്രഹിക്കുകയുണ്ടായി.''

''സ്വാമീ, അവിടുന്ന് എത്ര ദയാമയനാണ്!''

''ഓ, ഇന്നു കാലത്ത് ഞാൻ കാർ നിർത്തിച്ച് അവനെപ്പറ്റി തിരക്കിയത് നീയറിഞ്ഞില്ലേ? അവൻ നന്നായി പരീക്ഷ എഴുതിയെന്നാണറിയുന്നത്.''

ബാബ നമ്മുടെ ശക്തിയാകുന്നു! ബാബ നമ്മുടെ പ്രതീക്ഷയാകുന്നു! ബാബ നമ്മിൽ ധൈര്യം നിറയ്ക്കുന്നു! നമ്മിൽ ഓരോരുത്തരിലും, നമുക്ക് ജീവിതത്തിലെ വെല്ലുവിളികൾ നേരിടാനാവുമാറ്, ജീവിതസമുദ്രത്തിലെ പ്രക്ഷുബ്ധമായ തിരകളെയും പരീക്ഷകളെയും അഭിമുഖീകരിക്കുമാറ്.

ബാബ നിങ്ങളെ അനുഗ്രഹിക്കട്ടെ! സായി രാം.

(ഭാഗം 29 അവസാനിച്ചു)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)